# കണ്ണൂർ സർവ്വകലാശാല

## (പരീക്ഷവിഭാഗം)

www.kannuruniversity.ac.in

No. EG I.2/PR/2022 കെ. യു എച്ച്. ക്യു., തീയതി: 31.03.2023

**പ്രസിദ്ധീകരണത്തിന്**

**നാലാം സെമസ്റ്റർ ബിരുദ (ന്യൂ ജെനെറേഷൻ –2020 അഡ്മിഷൻ ) സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ് പരീക്ഷാ രെജിസ്ട്രേഷൻ**

29.03.2023 ന് ഫലം പ്രസിദ്ധീകരിച്ച നാലാം സെമസ്റ്റർ ബി.എ സോഷ്യൽ സയൻസസ് , ബി. എസ് സി. ലൈഫ് സയൻസസ് (സുവോളജി ) & കംബ്യൂട്ടെഷണൽ ബയോളജി ,ബി. എസ് സി. കോസ്റ്റ്യൂം ആൻഡ് ഫാഷൻ ഡിസൈനിങ് , ബി എം എം സി എന്നീ (ന്യൂ ജെനെറേഷൻ –2020 അഡ്മിഷൻ )ബിരുദ പ്രോഗ്രാമുകളുടെ സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ് പരീക്ഷകൾക്ക് ഓൺലൈൻ ആയി അപേക്ഷിക്കുവാനുള്ള ലിങ്ക് ഏപ്രിൽ 03 ,04 തീയതികളിൽ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാകും.

**പ്രായോഗിക പരീക്ഷ**

ഒന്നാം സെമസ്റ്റർ ബി എസ് സി കോസ്റ്റ്യൂം ആൻഡ് ഫാഷൻ ഡിസൈനിംഗ് (റഗുലർ/സപ്ലിമെൻററി/ഇംപ്രൂവ്മെൻറ്), നവംബർ 2022 ൻറെ പ്രായോഗിക പരീക്ഷ 2023 ഏപ്രിൽ 03,04 എന്നീ തീയതികളിലായി കോളേജ് ഫോർ കോസ്റ്റ്യൂം ആൻഡ് ഫാഷൻ ഡിസൈനിംഗ്, തോട്ടടയിൽ വച്ച് നടത്തുന്നതാണ് ടൈം ടേബിൾ വെബ് സൈറ്റിൽ ലഭ്യമാണ്. രജിസ്റ്റർ ചെയ്ത വിദ്യാർഥികൾ കോളേജുമായി ബന്ധപ്പെടുക.

**പുനർമൂല്യ നിർണ്ണയ ഫലം**

രണ്ടാം സെമസ്റ്റർ ബിരുദ (ഏപ്രിൽ 2022) പരീക്ഷകളുടെ പുനർമൂല്യനിർണയ ഫലം സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പുനർമൂല്യനിർണയം പൂർത്തിയായ ഫലങ്ങളാണ് ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുള്ളത്. പൂർണഫലപ്രഖ്യാപനം മൂല്യനിർണയം പൂർത്തിയാകുന്ന മുറയ്ക്ക് നടത്തുന്നതാണ്.
റഗുലർ വിദ്യാർത്ഥികൾ അവരുടെ പുതിയ മാർക്കുകൾ ചേർത്ത് ലഭിക്കുന്നതിനായി പ്രത്യേക അപേക്ഷ സമർപ്പിക്കേണ്ടതില്ല. എന്നാൽ ഈ ഫലം ലഭിച്ചതോടെ ബിരുദം വിജയകരമായി പൂർത്തിയാക്കിയ

വിദ്യാർത്ഥികൾ അവർക്ക് ലഭിച്ചിട്ടുള്ള ഫൈനൽ ഗ്രേഡ്/മാർക്ക് കാർഡും, റിസൽട്ട് മെമ്മോയുടെ ഡൌൺലോഡ് ചെയ്ത പകർപ്പും സഹിതം, മാർക്ക് ലിസ്റ്റ് പുതുക്കി ലഭിക്കുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട ടാബുലേഷൻ സെക്ഷനിൽ സമർപ്പിക്കേണ്ടതാണ്.

ഒപ്പ് /-

**അസിസ്റ്റന്റ് രജിസ്ട്രാർ l**

**പരീക്ഷാ വിഭാഗം.**